**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1935** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ സ്റ്റാൻഡിൽ നിന്നുള്ള കെ. എസ്. ആർ. ടി. സി. ബസ് സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻഡിൽ നിന്നും മണലൂർ മണ്ഡലത്തിലെ പാവറട്ടി, പൂവ്വത്തൂർ വഴിയും, തിരിച്ച് ഇതേ റൂട്ടിൽ ഗുരുവായൂരിലേക്കും എത്ര ബസുകൾ സർവീസ് നടത്തുന്നുണ്ട്; വ്യക്തമാക്കാമോ; | (എ) | ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ നിന്നും മണലൂർ മണ്ഡലത്തിലെ പാവറട്ടി, പൂവ്വത്തൂർ വഴിയും തിരിച്ച് ഇതേ റൂട്ടിൽ ഗുരുവായൂരിലേക്കും 3 കെ.എസ്.ആർ.ടി.സി. ബസുകൾ സർവീസ് നടത്തി വരുന്നുണ്ട്.<br>06.00 മണി പൂവ്വത്തൂർ (ഗ്രാമവണ്ടി)<br>07.00 മണി തൃശ്ശൂർ<br>08.00 മണി ഗുരുവായൂർ-കായംകുളം |
| (ബി) | ഗുരുവായൂർ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻഡിൽ നിന്നും പാവറട്ടി, പൂവ്വത്തൂർ വഴി കായംകുളത്തേക്കുള്ള ബസ് നിലവിൽ കൃത്യമായി സർവീസ് നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഗുരുവായൂർ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻഡിൽ നിന്നും പാവറട്ടി, പൂവ്വത്തൂർ വഴി കായംകുളത്തേക്ക് 08.00 മണിക്ക് സർവീസ് നിലവിൽ നടത്തുന്നുണ്ട്. |
| (സി) | പല കാരണങ്ങളാൽ കായംകുളത്തേക്കുള്ള ബസ് സർവീസ് ഇടക്കിടയ്ക്ക് മുടങ്ങുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണുന്നതിനായി മുടക്കം കൂടാതെ പ്രസ്തുത സർവീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (സി) | ജീവനക്കാരുടെ ലഭ്യത കുറവ് മൂലം പ്രസ്തുത സർവീസ് ചില ദിവസങ്ങളിൽ കൃത്യമായി നടത്തുവാൻ സാധിച്ചിരുന്നില്ല. നിലവിൽ 08.00 മണിക്ക് ഗുരുവായൂർ - കായംകുളം സർവീസ് മുടക്കം കൂടാതെ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ